(ഡി) സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്വാശ്രയ മേഖലകളിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര സീറ്റുകൾ ഈ വർഷം ഒഴിവായി കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലകളിൽ അനുവദിച്ച കോളേജുകളിൽ ഒരെണ്ണം അടച്ചുപൂട്ടേണ്ടതായി വന്നിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിൽ കോടിമതയിലുള്ള മാർഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്ന പേരിലുള്ള എഞ്ചിനീയറിംഗ് കോളേജ് അടച്ചു പൂട്ടിയിട്ടുണ്ട്.

(സി) മാർഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലും, കോളേജിന് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിക്കാത്തതിനാലുമാണ് അടച്ചുപൂട്ടേണ്ടിവന്നത്.

(ഡി) സംസ്ഥാനത്ത്, ഈ വർഷം ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 21 സീറ്റുകളും സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 1461 ഗവൺമെന്റ് സീറ്റുകളും ഒഴിഞ്ഞുകിടപ്പുണ്ട്.

മധുര-കോട്ടയം-ചേർത്തല ഈസ്റ്റ്-വെസ്റ്റ് കോറിഡോർ റോഡിന്റെ സ്ഥലമെടുപ്പ്

*12 [132] ശ്രീ. ഡി. സുഗതൻ:
„ കെ. പി. വിശ്വനാഥൻ:
„ വി. ഡി. സതീശൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുര-കോട്ടയം-ചേർത്തല ഈസ്റ്റ്-വെസ്റ്റ് കോറിഡോർ റോഡിന്റെ അലൈൻമെന്റ് തീരുമാനിച്ചുവോ;

(ബി) അലൈൻമെന്റ് പ്രകാരം റോഡിന് കുറ്റിയടിച്ച് കഴിഞ്ഞുവോ;

(സി) എങ്കിൽ അതിനുള്ള സ്ഥലമെടുപ്പ് ആരംഭിച്ചുവോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന് കാരണമെന്ത്;

(ഇ) അതിന്റെ ഏതെങ്കിലും ഭാഗത്തെ സ്ഥലമെടുപ്പിനെതിരെ കോടതി സ്റ്റേ നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ സ്റ്റേ ഉടനടി വെക്കേറ്റു ചെയ്യുന്നതിന് നടപടി എടുക്കുമോ;

(ജി) പ്രസ്തുത റോഡിനുള്ള സ്ഥലമെടുപ്പിനെതിരെ സ്റ്റേ ഉത്തരവ് ഇല്ലാത്തപക്ഷം ദേശീയ ഹൈവേയുമായി ബന്ധപ്പെടുത്തുന്ന പ്രധാന റോഡ് എന്ന നിലയിൽ ഇതിന്റെ സ്ഥലമെടുപ്പ് കാലവിളംബമില്ലാതെ നടത്തുകയും പ്രസ്തുത റോഡിന്റെ പണി ത്വരിതപ്പെടുത്തുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) മധുര-കോട്ടയം-ചേർത്തല റോഡിൽ കോട്ടയം മുതൽ സംസ്ഥാന അതിർത്തി വരെയുള്ള ഭാഗം ദേശീയപാതയായി മാറിയിട്ടുണ്ട്. അതിന്റെ റീ അലൈൻമെന്റ് നടത്തിയിട്ടില്ല. ചേർത്തല മുതൽ കോട്ടയം വരെയുള്ള സംസ്ഥാന ഹൈവേയുടെ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അലൈൻമെന്റിന്റെ ഭൂമിഭാഗം സ്ഥലങ്ങളിലും കുറ്റിയടിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി, ഡി) കോടിമത മുതൽ കവനാർ വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ഇ, എഫ്) ഇല്ല.

(ജി) ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ടി.പി. പദ്ധതിയുടെ പുരോഗതി

*13 [133] ശ്രീ. എ. എൻ. രാജൻബാബു:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസ് 14-1-2004-ൽ തള്ളിക്കളഞ്ഞിട്ടുണ്ട്.

വില്ലേജുകളുടെ പുനർനിർണ്ണയം

*14 [134] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജുകളുടെ പുനർനിർണ്ണയം സംബന്ധിച്ച നടപടികളെ കുറിച്ച് വിശദീകരിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ എത്ര വില്ലേജുകൾ രൂപവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly